manham@aljamia.net
അബ്ദുല്ല മൻഹാം

# ഖുർആൻ പരിചയപ്പെടുത്തുന്ന നരകശിക്ഷ

ഏറ്റവും കടുത്ത ശിക്ഷാ സങ്കേതമായാണ് ഖുർആൻ നരകത്തെ പരിചയപ്പെടുത്തുന്നത്.

عَذاب എന്നാണ് ശിക്ഷക്ക് ഖുർആൻ പ്രയോഗിച്ച പദം. . العَذاب എന്നും ഉപയോഗിച്ചിട്ടുണ്ട്. രണ്ടും ചേർന്ന് ആകെ 264 തവണ.

عَذاب ന്റെ വിവിധ ക്രിയാരൂപങ്ങളും ضَمير ചേർന്ന രൂപങ്ങളും 80 തവണ വേറെയും കാണാം. عذاب എന്ന പദവും അതിൽനിന്നുത്ഭവിച്ച മറ്റു രൂപങ്ങളും മൊത്തം 370 തവണ ആവർത്തിച്ചിരിക്കുന്നു.

نار/النّار (നാർ/അന്നാർ) = തീ, നരകം (സ്ത്രീലിംഗം)

نار നോട് (ال) ചേർന്നുവരുമ്പോൾ ഒരു പ്രത്യേക തീയെന്ന് അർഥം വരുന്നു. ഈ രണ്ടു പദങ്ങളും മൊത്തം 145 തവണ ആവർത്തിച്ചിട്ടുണ്ട്. അതിൽ മിക്കയിടങ്ങളിലും النّار നരകത്തീയെ കുറിക്കുന്നു. نَار സാധാരണ തീയും. ചിലയിടങ്ങളിലെങ്കിലും النّار എന്നത് തീയെ മാത്രം ഉദ്ദേശിച്ചും പ്രയോഗിച്ചു കാണുന്നു. نَار നെ നരകത്തീയെ കുറിക്കുന്ന ഇടങ്ങളുമുണ്ട്.

ഉദാ:-

.....رَبَّنَآ ءَاتِنَا فِى ٱلدُّنْيَا حَسَنَةً وَفِى ٱلْـَٔاخِرَةِ حَسَنَةً وَقِنَا عَذَابَ ٱلنَّارِ ﴿٢٠١﴾

ഞങ്ങളുടെ നാഥാ, ദുൻയാവിൽ ഞങ്ങൾക്ക് നന്മ നൽകേണമേ! അതുപോലെ പരലോകത്തും നന്മ നൽകേണമേ! നരകശിക്ഷയിൽനിന്ന് ഞങ്ങളെ നീ കാക്കേണമേ!

രണ്ട് പ്രാവശ്യം (نار) ഉം ഒരു പ്രവശ്യം (النار) ഉം പ്രയോഗിച്ച ആയത്ത് താഴെ കൊടുക്കുന്നു.

إِذْ رَءَا نَارًا فَقَالَ لِأَهْلِهِ ٱمْكُثُوٓا۟ إِنِّىٓ ءَانَسْتُ نَارًا لَّعَلِّىٓ ءَاتِيكُم مِّنْهَا

بِقَبَسٍ أَوْ أَجِدُ عَلَى ٱلنَّارِ هُدًى ﴿١٠﴾

കുറച്ചുകാലം മദ്‌യനിൽ അഭയാർഥിയായി കഴിഞ്ഞ ശേഷം മൂസാനബി ജന്മനാടായ ഈജിപ്തിലേക്ക് മടങ്ങുന്ന സംഭവം ഖുർആൻ വിവരിക്കുന്നുണ്ട്. ആ വഴിയിൽ, അദ്ദേഹം സീനാ താഴ്‌വരയിൽ വെച്ച്, ത്വൂർമലയിൽ തീ കണ്ട സന്ദർഭമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

"അദ്ദേഹം ഒരു തീ കണ്ട നേരം: തന്റെ കുടുംബത്തോട് അദ്ദേഹം പറഞ്ഞു: നിങ്ങൾ (ഇവിടെ) നിൽക്കൂ! ഞാൻ ഒരു തീ കണ്ടിരിക്കുന്നു. അതിൽനിന്ന് അൽപ്പം തീയെടുത്ത് ഞാൻ വരാം. അല്ലെങ്കിൽ ആ തീയുടെ അടുത്ത് വല്ല വഴികാട്ടിയെയും കണ്ടെത്തിയേക്കാം."

ഈ ആയത്തിലെ النّار ഉം തീയെയാണ് സൂചിപ്പിക്കുന്നത്, നരകത്തെയല്ല എന്ന് വ്യക്തം. മൂസാനബിയുടെ ഈ സംഭവം സൂറഃ *ത്വാഹ*ക്ക് പുറമെ, അന്നംല് (27:7), അൽഖസ്വസ് (28:29) എന്നീ സൂറഃകളിലും വായിക്കാം.

نار എന്ന പദം നരകത്തെ കുറിക്കാൻ ഉപയോഗിച്ചതിന്റെ ഉദാഹരണമാണ് താഴെ.

وَمَن يَعْصِ ٱللَّهَ وَرَسُولَهُۥ وَيَتَعَدَّ حُدُودَهُۥ يُدْخِلْهُ نَارًا خَـٰلِدًا فِيهَا وَلَهُۥ

عَذَابٌ مُّهِينٌ ﴿١٤﴾

"ആരെങ്കിലും അല്ലാഹുവെയും അവന്റെ റസൂലിനെയും ധിക്കരിക്കുകയും അവന്റെ പരിധികൾ ലംഘിക്കുകയും ചെയ്താൽ അവനെ അല്ലാഹു നരകത്തീയിൽ തള്ളിയിടും. അവനതിൽ എന്നെന്നും കഴിയേണ്ടി വരും. അപമാനകരമായ ശിക്ഷയാണ് അവന്നുണ്ടാവുക." (مهين അപമാനകരമായ/നിന്ദ്യമായ).

ഇതേ സൂറയിലെ 30, 56 ആയത്തുകളിലും *അൽകഹ്ഫ്* സൂറയിലെ 29-ാം ആയത്തിലും ഇതുപോലെ പ്രയോഗിച്ചിട്ടുണ്ട്.

നരകത്തിന് ഖുർആൻ പ്രയോഗിച്ച മറ്റൊരു പേരാണ് ജഹന്നം (جَهَنَّم). ഈ പദവും സ്ത്രീലിംഗമാണ്. 77 തവണ ആവർത്തിച്ചിട്ടുണ്ട്.

ഉദാ:-

وَمَن يَقْتُلْ مُؤْمِنًا مُّتَعَمِّدًا فَجَزَآؤُهُۥ جَهَنَّمُ خَـٰلِدًا فِيهَا وَغَضِبَ ٱللَّهُ عَلَيْهِ

وَلَعَنَهُۥ وَأَعَدَّ لَهُۥ عَذَابًا عَظِيمًا ﴿٩٣﴾

"ആർ മനഃപൂർവം ഒരു വിശ്വാസിയെ കൊല്ലുന്നുവോ അവനുള്ള പ്രതിഫലം നരകമാണ്. അവനവിടെ സ്ഥിരവാസിയായിരിക്കും. അല്ലാഹു അവനോട് കോപിച്ചിരിക്കുന്നു; അവനെ ശപിച്ചിരിക്കുന്നു. കടുത്ത ശിക്ഷയാണ് അവനു വേണ്ടി(അല്ലാഹു) ഒരുക്കിയിട്ടുള്ളത്."

.... إِنَّ ٱللَّهَ جَامِعُ ٱلْمُنَـٰفِقِينَ وَٱلْكَـٰفِرِينَ فِى جَهَنَّمَ جَمِيعًا

"തീർച്ചയായും അല്ലാഹു കപട വിശ്വാസികളെയും സത്യനിഷേധികളെയും ഒന്നാകെ നരകത്തിൽ ഒരുമിച്ചു കൂട്ടുന്നതാണ്ന്ന" (4:140).

هَـٰذِهِۦ جَهَنَّمُ ٱلَّتِى يُكَذِّبُ بِهَا ٱلْمُجْرِمُونَ ﴿٤٣﴾

"ഇതാകുന്നു കുറ്റവാളികൾ നിഷേധിച്ചു തള്ളുന്നതായ നരകം" (55:43).

سَمُوم/السَّمُوم തീക്കാറ്റ്. ആവർത്തനം മൂന്നു തവണ.

ഉദാ: (56:41, 42) (41) وَأَصْحَـٰبُ ٱلشِّمَالِ مَآ أَصْحَـٰبُ ٱلشِّمَالِ ﴿٤١﴾

(42) فِى سَمُومٍ وَحَمِيمٍ ﴿٤٢﴾

ഇടതുപക്ഷക്കാർ! എന്താണീ ഇടതുപക്ഷക്കാരുടെ അവസ്ഥ? അവർ കഠിനമായ തീക്കാറ്റിലും തിളച്ചു ചാടുന്ന വെള്ളത്തിലുമായിരിക്കും.

صَاحِبٌ (ج) أَصْحَابٌ = അവകാശി, സഹവാസി, കൂട്ടുകാരൻ

أَصْحَابُ الْجَنَّة (14 തവണ) = സ്വർഗാവകാശികൾ

أَصْحَابُ النَّارِ (20 തവണ) = നരകാവശാകിൾ

حَمِيمٌ = തിളക്കുന്ന വെള്ളം (13 തവണ)

سَعِيرٌ/السَّعِير = നരകം, തീ, തീജ്വാല, ആളിക്കത്തുന്നത് (16 തവണ)

ഉദാഹരണം: فَرِيقٌ فِى ٱلْجَنَّةِ وَفَرِيقٌ فِى ٱلسَّعِيرِ ﴿٧﴾

"ഒരു വിഭാഗം സ്വർഗത്തിലും മറ്റൊരു വിഭാഗം കത്തിജ്വലിക്കുന്ന നരകത്തിലും."

നാഥാ സ്വർഗത്തിൽ പ്രവേശിക്കുന്ന സംഘത്തിൽ ഞങ്ങളെയും ഉൾപ്പെടുത്തേണമേ! ആമീൻ. ■